# കേരള സർവകലാശാല

നം. പി.ആർ.143/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

### ബി.എസ്‌സി ടൈംടേബിൾ

കേരള സർവകലാശാല ജൂലൈ 17-ന് ആരംഭിക്കുന്ന ബി.എസ്‌സി (ആന്വൽ സ്‌കീം) പാർട്ട് ഒന്ന്, രണ്ട്, മൂന്ന് സബ്സിഡിയറി സ്റ്റാറ്റിസ്റ്റിക്‌സ്, അക്കൗണ്ടിങ്ങ് പരീക്ഷകളുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### ഹാൾടിക്കറ്റുകൾ കൈപ്പറ്റണം

കേരള സർവകലാശാല വിദൂര വിദ്യാഭ്യാസ പഠനകേന്ദ്രം ജൂലൈ മൂന്നാം തീയതി മുതൽ നടത്തുന്ന മൂന്നാം വർഷ എം.എച്ച്.എ പരീക്ഷയുടെ ഹാൾടിക്കറ്റുകൾ പാളയം എസ്.ഡി.ഇ സെന്ററിൽ നിന്നും കൈപ്പറ്റണം.

### എം.ടെക് കോഴ്‌സുകൾക്ക് അപേക്ഷ ക്ഷണിച്ചു

കേരള സർവകലാശാല 2017-18 അദ്ധ്യയന വർഷത്തിലേക്ക് കംപ്യൂട്ടർ സയൻസ് (ഡിജിറ്റൽ ഇമേജ് പ്രോസസ്സിംഗ് സ്പെഷ്യലൈസേഷനോട് കൂടിയത്) (കംപ്യൂട്ടർ സയൻസ് വിഭാഗം), ഇലക്‌ട്രോണിക്‌സ് ആന്റ് കമ്മ്യൂണിക്കേഷൻ (ഒപ്ടിക്കൽ കമ്മ്യൂണിക്കേഷൻ സ്പെഷ്യലൈസേഷനോട് കൂടിയത്) (ഒപ്‌റ്റോ ഇലക്‌ട്രോണിക്‌സ് വിഭാഗം), ടെക്‌നോളജി മാനേജ്‌മെന്റ് (ഫ്യൂച്ചർ സ്റ്റഡീസ് വിഭാഗം) എന്നീ എം.ടെക് കോഴ്‌സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. കൂടുതൽ വിവരങ്ങൾക്കും അപേക്ഷാഫോമിനും വെബ്സൈറ്റിൽ (www.keralauniversity.ac.in/news) എന്ന ലിങ്ക് സന്ദർശിക്കുക.

### ബി.കോം ആന്വൽ സ്‌കീം ടൈംടേബിൾ

കേരള സർവകലാശാലയുടെ പാർട്ട് ഒന്ന്, രണ്ട് ബി.കോം ഡിഗ്രി ആന്വൽ സ്‌കീം പരീക്ഷകൾ ജൂലൈ 18, 20, 25 തീയതികളിൽ രാവിലെ 9.30 മുതൽ 12.30 വരെ നടക്കും. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### യോഗാ പരിശീലന രജിസ്‌ട്രേഷൻ ആരംഭിച്ചു

കേരള സർവ്വകലാശാല ഫിസിക്കൽ എഡ്യൂക്കേഷൻ പഠന വകുപ്പിന്റെ ആഭിമുഖ്യത്തിൽ യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിലെ ജി.വി. രാജാ പവലിയനിൽ പൊതുജനങ്ങൾക്കായി നടത്തുന്ന പ്രതിമാസ യോഗാ പരിശീലന പരിപാടിയിലെ ജൂലൈ മാസത്തേക്കുള്ള രജിസ്‌ട്രേഷൻ ആരംഭിച്ചു. പരിശീലന പരിപാടി ജൂലൈ ഒന്നിന് ആരംഭിക്കും. പരിശീലന പരിപാടിയിൽ പങ്കെടുക്കുന്നതിനുള്ള അപേക്ഷ ഫോമുകൾ യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിലെ ജി.വി. രാജാ പവലിയനിൽ പ്രവർത്തിക്കുന്ന ഫിസിക്കൽ എഡ്യൂക്കേഷൻ ഡിപ്പാർട്ട്‌മെന്റ് ഓഫീസിൽ നിന്നും ലഭിക്കും. വിശദവിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നമ്പർ : 0471-2306485/8921507832.

## എം.എസ്‌സി ബയോടെക്നോളജി പ്രാക്ടിക്കൽ

കേരള സർവകലാശാല ജനുവരിയിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എസ്‌സി ബയോടെക്നോളജി പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ജൂലൈ 11, 12 തീയതികളിൽ അതാത് കേന്ദ്രങ്ങളിൽ നടത്തും. വിശദവിവരങ്ങൾ അതാത് കോളേജുകളിലും വെബ്സൈറ്റിലും (www.keralauniversity.ac.in) ലഭിക്കും.

## എം.എ/എം.എസ്‌സി/എം.കോം മേഴ്‌സിചാൻസ് പരീക്ഷ

കേരള സർവകലാശാല നടത്തുന്ന എം.എ/എം.എസ്‌സി/എം.കോം 2017-ലെ മേഴ്‌സിചാൻസ് പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. ഫൈനൽ ഇയർ ജൂലൈ അഞ്ചിനും പ്രീവിയസ് ഇയർ ജൂലൈ 31-നും ആരംഭിക്കും. കേരള സർവകലാശാലയുടെ വിദൂര വിദ്യാഭ്യാസ കേന്ദ്രമാണ് പരീക്ഷാകേന്ദ്രം. ഹാൾടിക്കറ്റ് വിദൂര വിദ്യാഭ്യാസ കേന്ദ്രത്തിൽ നിന്നും ലഭിക്കും.

## എൻ.ആർ.ഐ സീറ്റ് അഡ്മിഷൻ

കേരള സർവകലാശാലയുടെ കീഴിലെ സ്വാശ്രയ സ്ഥാപനമായ കാര്യവട്ടം യൂണിവേഴ്‌സിറ്റി കോളേജ് ഓഫ് എഞ്ചിനിയറിംഗിൽ ഒന്നാം വർഷ ബി.ടെക് ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ എഞ്ചിനിയറിംഗ്, ഇൻഫർമേഷൻ ടെക്നോളജി കോഴ്‌സുകളുടെ ഒഴിവുള്ള എൻ.ആർ.ഐ സീറ്റിലേക്ക് ജൂലൈ മൂന്ന് വരെ അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾ വെബ്സൈറ്റിൽ (www.ucek.in) ലഭിക്കും. ഫോൺ: 0471-2308874.

## എം.എ/എം.എസ്‌സി/എം.കോം പരീക്ഷാകേന്ദ്രം

കേരള സർവകലാശാലയുടെ വിദൂര വിദ്യാഭ്യാസകേന്ദ്രം നടത്തുന്ന എം.എ/എം.എസ്‌സി/എം.കോം ജൂലൈ അഞ്ചിനും 31-നും ആരംഭിക്കുന്ന ഫൈനൽ /പ്രീവിയസ് സപ്ലിമെന്ററി പരീക്ഷയ്ക്ക് തിരുവനന്തപുരം പരീക്ഷാ കേന്ദ്രമായി അപേക്ഷിച്ചിട്ടുള്ളവരിൽ ഹിസ്റ്ററി, മലയാളം, ഹിന്ദി, സോഷ്യോളജി, ഫിലോസഫി, സംസ്കൃതം എന്നീ വിഷയങ്ങളിൽ പരീക്ഷ എഴുതുന്നവർ തിരുവനന്തപുരം പാളയം വിദൂര വിദ്യാഭ്യാസകേന്ദ്രത്തിലും, ഇംഗ്ലീഷ്, ഇക്കണോമിക്സ്, മാത്തമാറ്റിക്സ്, എം.കോം, അറബിക് മ്യൂസിക് എന്നീ വിഷയങ്ങളിൽ പരീക്ഷ എഴുതുന്നവർ തിരുവനന്തപുരം ആർട്ട്സ് കോളേജിലും പരീക്ഷ എഴുതണം. കൊല്ലം പരീക്ഷാ കേന്ദ്രമായി അപേക്ഷിച്ചിട്ടുള്ളവർ ചവറ ബി.ജെ.എം ഗവ. കോളേജിലും, മറ്റു പരീക്ഷാകേന്ദ്രങ്ങൾ അപേക്ഷിച്ചിട്ടുള്ളവർ ആലപ്പുഴ എസ്.ഡി കോളേജിലും പരീക്ഷ എഴുതണം. ഹാൾടിക്കറ്റ് അതാത് പരീക്ഷാ കേന്ദ്രങ്ങളിൽ നിന്നും ലഭിക്കും. വിശദവിവരങ്ങൾക്ക് പരീക്ഷാകേന്ദ്രവുമായി ബന്ധപ്പെടുക.

## ശുചീകരണ യജ്ഞം

പകർച്ചപ്പനി നിവാരണത്തിനായി യുദ്ധകാലാടിസ്ഥാനത്തിൽ സംസ്ഥാനത്തുടനീളം ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിന്റെ ഭാഗമായി ഈ മാസം 27, 28, 29 തീയതികളിൽ സമ്പൂർണ ശചീകരണ യജ്ഞം നടത്തുവാൻ കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിലെ എൻ.എ

സ്.എസ് പ്രോഗ്രാം ഓഫീസർമാർക്ക് കേരള സർവകലാശാല എൻ.എസ്.എസ് പ്രോഗ്രാം കോ-ഓർഡിനേറ്റർ ഡോ. എസ് വേണുമോഹൻ നിർദേശം നൽകി. ഇതോടൊപ്പം മുന്നൂറോളം എൻ.എസ്.എസ് വോളന്റിയർമാരെ പങ്കെടുപ്പിച്ചു കൊണ്ടുള്ള ഏകദിന ശുചിത്വ യജ്ഞം ഈ മാസം 30-ാം തീയതി കേരള സർവകലാശാല ആസ്ഥാനത്ത് നടത്തുമെന്ന് പ്രോഗ്രാം കോ-ഓർഡിനേറ്റർ അറിയിച്ചു.

## ബി.ടെക് ഫലം

കേരള സർവകലാശാല 2016 സെപ്തംബറിൽ നടത്തിയ അഞ്ചാം സെമസ്റ്റർ ബി.ടെക് (2013 സ്കീം)(ഇംപ്രൂവ്മെന്റ് & സപ്ലിമെന്ററി) പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. പുനർമൂല്യനിർണയ ത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂലൈ 20 വരെ ഓൺലൈനായി അപേ ക്ഷിക്കാം. കരട് മാർക്ക് ലിസ്റ്റ് വെബ്സൈറ്റിൽ ലഭിക്കും.

തിരുവനന്തപുരം.
28.06.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098